# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം ൨൦

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2776 — 12.03.2015 ൽ മറുപടിയ്ക്ക്

## സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും ഫീസ് നിരക്ക് നിശ്ചയിച്ചത് എങ്ങിനെയെന്നും ഈ ഫീസ് നിരക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | എ) കാലാകാലങ്ങളിൽ സർക്കാരും സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളും തമ്മിൽ ഏർപ്പെടുന്ന കരാറുകളുടെ അടിസ്ഥാനത്തിലാണ് ഫീസ് നിരക്ക് നിശ്ചയിക്കപ്പെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലേയും സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലേയും ഫീസ് നിരക്ക് ഒരു പ്രാവശ്യവും, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് 3 പ്രാവശ്യവും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയും ഫീസ് 03 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ